(സി) അനാവശ്യ അന്വേഷണങ്ങളും വ്യവഹാരങ്ങളും ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം ഹാൻടെക്സിനും രജിസ്ട്രാർക്കും സർക്കാർ നൽകുമോ?

ഉത്തരം

(എ) ഈ ഇനങ്ങളിൽ ചെലവായ സംഖ്യ വർഷം തിരിച്ച് താഴെ കൊടുക്കുന്നു.

ഇനം	1997-98	1998-99	1999-2000 ഇതുവരെ
വക്കീൽഫീസ്	56,947.30	71,676.00	1,47,470.00
ഉദ്യോഗസ്ഥൻമാരുടെ ടി.എ/ഡി.എ	502.00	2,508.00	5,134.00

(ബി) ഈ ഇനത്തിൽ വൻപിച്ച തുക നഷ്ടപ്പെടുത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇക്കാര്യം പരിശോധിച്ച് അനാവശ്യ അന്വേഷണങ്ങളും വ്യവഹാരങ്ങളും ഉണ്ടെന്നുകണ്ടാൽ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്. എന്നാൽ ഹാൻടെക്സ് അനാവശ്യ അന്വേഷണങ്ങളും വ്യവഹാരങ്ങളും നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗുരുതരമായ ക്രമക്കേടുകൾ കാട്ടിയിട്ടുള്ള വർക്കെതിരെ ഗാർഹിക അന്വേഷണം നടത്തുന്നുണ്ട്. ഇത് നിയമപരമായി ആവശ്യമായ നടപടിക്രമമാണ്. കോടതികളിൽ ഉണ്ടായിരുന്നതും നിലവിൽ ഉള്ളതുമായ വ്യവഹാരങ്ങൾ അധികവും ഹാൻടെക്സിനെതിരായി സ്ഥാപനത്തിനകത്തുള്ളവരും പുറത്തുള്ളവരും ഫയൽ ചെയ്തതാണ്. ഇത്തരം കേസുകളിൽ ഹാൻടെക്സിന്റെ ഉത്തമതാല്പര്യം സംരക്ഷിക്കുന്നതിനുവേണ്ടിയാണ് നിയമനടപടികൾ മുന്നോട്ടുകൊണ്ടുപോകുന്നത്.

58 (2206) സിഡ്കോയിലെ സീനിയർ മാനേജർ തസ്തികയിലെ നിയമനം

ശ്രീ. ബി. വിജയകുമാർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോയിൽ 1520-2660 രൂപ ശമ്പള സ്കെയിലിലുള്ള ജൂനിയർ അക്കൗണ്ടന്റ് തസ്തികയിൽനിന്നും സാധാരണ നിലയിൽ ഉദ്യോഗക്കയറ്റം നൽകുന്നത് ഏതു തസ്തികയിലേക്കാണെന്ന് വ്യക്തമാക്കുമോ;

(ബി) 2650-4200 രൂപ ശമ്പള സ്കെയിലുള്ള സീനിയർ മാനേജർ തസ്തികയിലേക്ക് ഉദ്യോഗക്കയറ്റം നൽകുന്നത് ഏതു തസ്തികയിൽ നിന്നാണ്?

ഉത്തരം

(എ) സീനിയർ അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക്.

(ബി) മാനേജർ തസ്തികയിൽ നിന്ന്.

LIBRARY ARCHIVES Kerala Legislative Assembly